**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 445.** **16/05/2017-ൽ മറുപടിയ്ക്ക്.**

**പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**,, വി.ഡി.സതീശൻ**<br>**,, അനിൽ അക്കര**<br>**,, റോജി എം. ജോൺ:** | **ശ്രീ.വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ മന്ത്രി)** |
| (എ) പൈനാപ്പിൾ കൃഷിക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2017-18 സാമ്പത്തിക വർഷം പുതുതായി 400 ഹെക്ടർ സ്ഥലത്ത് കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുന്നിതിന് ലക്ഷ്യമിടുന്നു. ഇതിനായി ഹെക്ടർ ഒന്നിന് 26,250/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനായി 105 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിളനാശത്തിന് ഹെക്ടറിന് 50,000/- രൂപയും നല്കുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള ധനസഹായവും കൃഷി വകുപ്പ് മുഖാന്തിരവും, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരവും പൈനാപ്പിൾ കൃഷിയ്ക്ക് ധനസഹായം നൽകിവരുന്നുണ്ട്.<br><br>പൈനാപ്പിൾ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ്, 1955 പ്രകാരം രൂപീകരിച്ച കേരള പൈനാപ്പിൾ മിഷന്റെ പ്രവർത്തനങ്ങൾ പൈനാപ്പിൾ കൃഷി വ്യാപിപ്പിക്കുന്നതിനും പൈനാപ്പിൾ കൃഷിയെപ്പറ്റി കർഷകർക്കിടയിലും ജനങ്ങൾക്കിടയിലും നല്ല അവബോധം ഉണ്ടാകുന്നതിന് സഹായിച്ചിട്ടുണ്ട്. |

(തുടരും..........)

| | |
|---|---|
| (ബി) പ്രസ്തുത കൃഷിക്ക് സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) ഉണ്ട്. |
| (സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമൂഹ്യവിരുദ്ധർ പൈനാപ്പിൾ കൃഷി നശിപ്പിക്കുന്നതായും കൃഷിക്ക് തടസ്സം നിൽക്കുന്നതായുമുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (സി) ഉണ്ട്. പൈനാപ്പിൾ കൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Ethrel എന്ന രാസവസ്തു ഉപയോഗിക്കുന്നതായും ഇതിന്റെ ഉപയോഗം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതായും പൊതുജനങ്ങൾക്കിടയിൽ തെറ്റിധാരണ ഉണ്ടായിട്ടുണ്ട്. എത്രോൽ എന്നത് കീടനാശിനി അല്ല മറിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഹോർമോൺ ആണ്. ഈ ഹോർമോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്കിടയിലുണ്ടാകുന്ന തെറ്റിധാരണകൾ പരിഹരിക്കുന്നതിനായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തുന്നതാണ്. |
| ഡി) സംസ്ഥാനത്തെ പൈനാപ്പിൾ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ആനുകൂല്യങ്ങൾ നൽകി കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) 2017-18 സാമ്പത്തിക വർഷം പുതുതായി 400 ഹെക്ടർ സ്ഥലത്ത് കൈതച്ചക്ക കൃഷി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഹെക്ടറിന് 26,250/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനായി ബജറ്റിൽ 105.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>കൈതച്ചക്ക കൃഷി വികസനം, ഗവേഷണം, കർഷകരുടെ പരിശീലനം, മൂല്യവർദ്ധനവ്, കയറ്റുമതി ഉൾപ്പെടെയുള്ള വിപണന സാദ്ധ്യതകൾ എന്നിവ സാക്ഷാത്ക്കരിക്കുന്നതിനായി വാഴക്കുളം കേന്ദ്രീകരിച്ച് പൈനാപ്പിൾ മിഷനും, വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയും, കൈതച്ചക്ക ഗവേഷണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു.<br><br>പൈനാപ്പിളിന് വിലയിടിവ് നേരിടുന്ന സാഹചര്യങ്ങളിൽ കിലോയ്ക്ക് 17 രൂപ താങ്ങുവില നൽകി വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി മുഖേന കർഷകരിൽ നിന്നും പൈനാപ്പിൾ |

(തുടരും..........)

സംഭരിക്കുകയും അതിനു സബ്സിഡിയായി കിലോയ്ക്ക് 8.50 രൂപ നിരക്കിൽ പൈനാപ്പിൾ മിഷനിൽ നിന്ന് അനുവദിക്കുകയും ചെയ്തുവരുന്നു.

കർഷകർക്ക് പൈനാപ്പിൾ കൃഷിയെപ്പറ്റി പരിശീലനം നൽകുന്നതിന് പൈനാപ്പിൾ മിഷന്റെ ധനസഹായത്തോടുകൂടി മാതൃക പ്ലോട്ടുകൾ നടത്തിവരികയും, കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് പായ്ക്കിംഗ്, ട്രാൻസ്പോർട്ടേഷൻ എന്നിവയ്ക്ക് സഹായം നൽകിവരികയും ചെയ്യുന്നു.

കൂടാതെ വാഴക്കുളം അഗ്രോ ആന്റ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കർഷകർ ഉൽപാദിപ്പിക്കുന്ന കൈതച്ചക്ക സംസ്കരിച്ച് പാക്ക് ചെയ്ത് വിപണിയിൽ ഇറക്കുന്നതിനുള്ള ടെട്രാപാക്ക് സൗകര്യവും കാനിംഗ് സൗകര്യവും പരിശീലനവും ധനസഹായവും കർഷക കൂട്ടായ്മകൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**